प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022- 22610835 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

മാർച്ച് 09, 2018

# ഉത്തർപ്രദേശ്, ലഖ്നൗവിലെ ഇൻഡ്യൻ മെർക്കൻറയിൽ സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ ആർബിഐ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണനിർദ്ദേശങ്ങളുടെ സാധുത ദീർഘിപ്പിച്ചു.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർബിഐ) ലഖ്നൗവിലെ ഇൻഡ്യൻ മെർക്കൻറയിൽ സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങൾ 2018 മാർച്ച് 12 മുതൽ 2018 സെപ്തംബർ 11 വരെ ഒരാറുമാസക്കാലത്തേയ്ക്കു കൂടി, പുനരവലോകനത്തിനുവിധേയമായി, ദീർഘിപ്പിച്ചു. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A, സബ്സെക്ഷൻ (1) - ൻ കീഴിൽ 2014 ജൂൺ 4-ലെ ഉത്തരവിൻപ്രകാരം, ഈ ബാങ്ക് 2014 ജൂൺ 12 മുതൽ നിയന്ത്രണ നിർദ്ദേശങ്ങൾക്ക് വിധേയമായിരുന്നു.

2014 ജൂലൈ 30, 2014 ഡിസംബർ 8, 2015 ജൂൺ 2, 2015 സെപ്തംബർ 7, 2015 ഒക്ടോബർ 19, 2015 ഡിസംബർ 07, 2016 മാർച്ച് 04, 2016 സെപ്തംബർ 02, 2016 നവംബർ 25, 2017 മാർച്ച്, 09, 2017 സെപ്തംബർ 01, എന്നീ തീയതികളിൽ ഈ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്യുകയോ, അവയുടെ സാധുതാകാലാവധി നീട്ടുകയോ ചെയ്യപ്പെട്ടിട്ടുണ്ട്. 2018 മാർച്ച് 6 ലെ ഉത്തരവിൻ പ്രകാരം ഈ നിർദ്ദേശങ്ങളുടെ സാധുതാകാലാവധി ഏററവും ഒടുവിൽ ദീർഘിപ്പിച്ച 2018 മാർച്ച് 11 മുതൽ വീണ്ടും ഒരാറു മാസക്കാലത്തേയ്ക്ക് കൂടി, 2018 മാർച്ച് 12 മുതൽ 2018 സെപ്തംബർ 11 വരെ, പുനരവലോകനത്തിനുവിധേയമായി, നീട്ടിയിരിക്കുന്നു. പൊതു ജനങ്ങൾ വായിച്ചറിയുവാൻ വേണ്ടി 2018 മാർച്ച് 06 ലെ ഉത്തരവിൻറെ ഒരു പകർപ്പ്, ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഈ ഉത്തരവിൻറെ ഭേദഗതിയെ ബാങ്കിൻറെ സാമ്പത്തിക നിലയിൽ പുരോഗതിയുണ്ടായതായോ വഷളാവുകയോ ചെയ്തിട്ടുണ്ടെന്ന് ആർബിഐ കരുതുന്നതായി കണക്കാക്കേണ്ടതില്ല. ഉത്തരവിനുവേണ്ട ഭേദഗതികൾ, സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് പരിഗണിക്കുന്നതാണ്.

**അനിരുദ്ധ ഡി. ജാദവ്**

**പ്രസ്സ് റിലീസ് 2017-2018/2411**

അസിസ്ററൻറ് മാനേജർ